# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2436** 07.02.2019-**ൽ മറുപടിക്ക്**

**എൽ.ഇ.ഡി ബൾബുകൾ**

| | ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് ഗാർഹിക ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള എൽ.ഇ.ഡി ബൾബുകൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | Domestic Efficient Lighting Programme (DELP) പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നരക്കോടി (1.5 കോടി) എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 2018 ഡിസംബർ വരെ 13433438 എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ബൾബുകളുടെ വിതരണം പുരോഗമിക്കുന്നു.<br>**ഫിലമെന്റ് രഹിത കേരളം**<br>കേരളം മുഴുവനായി ഫിലമെന്റ് രഹിത സംസ്ഥാനമായി മാറ്റുന്ന പദ്ധതി (ഊർജ്ജ കേരള മിഷൻ) സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സാധാരണ ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയും ഗുണമേന്മയുമുള്ള എൽ.ഇ.ഡി ബൾബുകൾ മിതമായ നിരക്കിൽ ഗാർഹിക ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>എനർജി മാനേജ്മെന്റ് സെന്ററും, കെ. എസ്. ഇ. ബി യും സംയുക്തമായാണ് ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ സഹായത്തോടെ ബൾബുകൾ വിതരണം ചെയ്യുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. LED ടെണ്ടർ മുഖാന്തിരം വാങ്ങുന്നതിനുള്ള നടപടികൾ KSEBL നിർവ്വഹിക്കും. ഉപഭോക്താക്കൾക്ക് അവരുടെ പ്രതിമാസ വൈദ്യുതി ബില്ലിന്റെ കൂടെ തവണകളായി ബൾബുകളുടെ വില അടയ്ക്കുന്നതിന് സൗകര്യം ഒരുക്കും.<br>ഇ.എം.സി യുടെ ആഭിമുഖ്യത്തിൽ 14 ഗ്രാമ പഞ്ചായത്തുകളിൽ"മാതൃകാ ഊർജ്ജ കാര്യക്ഷമത ഗ്രാമ പഞ്ചായത്ത് പദ്ധതി"യുടെ ഭാഗമായി 1,12,800 എൽ.ഇ.ഡി ബൾബുകൾ ഗാർഹിക ഉപഭോക്താക്കൾക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തു. ഒരു ബൾബിന് 50 രൂപ നിരക്കിൽ ഒരു ഉപഭോക്താവിന് 2 ബൾബുകൾ വീതമാണ് വിതരണം ചെയ്തത്. |

സെക്ഷൻ ഓഫീസർ